ജലവിഭവ രംഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭരണ നവീകരണ പരിപാടികൾ

8 (*675) ശ്രീ. പി. സി. ജോർജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവിഭവ രംഗത്ത് എ.ഡി.ബി. വായ്പയുടെ ഭാഗമായി നടപ്പാക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തെല്ലാമാണ് ;

(ബി) ജലവിതരണ പദ്ധതികളിൽ നിന്ന് ഗാർഹികാവശ്യത്തിന് എടുക്കുന്ന വെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ജലത്തിന് വില വർദ്ധനയും അതിന്റെ ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഉണ്ടാക്കാനിടയുള്ള ഈ ഭരണ നവീകരണപരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിനധികാരമുണ്ടോ; എങ്കിൽ പ്രസ്തുത അധികാരം വിനിയോഗിക്കാൻ തയ്യാറാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ടി. എം. ജേക്കബ്) :

(എ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ഇല്ല.

(സി) പരിഗണനയിലുള്ള കരടുഭരണനവീകരണ പരിപാടിയിൽ നാഷണൽ വാട്ടർ പോളിസി പ്രകാരം ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലത്തിന് വില വർദ്ധനയും ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും ഇതിൽ ഇല്ല. മാത്രമല്ല ഇത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുമില്ല.

ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം

9 (*676) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൻകീഴിൽ അനുവദിച്ച അരി എഫ്. സി. ഐ. ഗോഡൗണുകളിൽനിന്നുതന്നെ സ്വകാര്യമില്ലുകൾക്ക് മറിച്ചുവിറ്റതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly